പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4522 — 17.12.2014 ന് മറുപടിയ്ക്ക്.

## വാഴക്കാട് കേന്ദ്രമായി ഒരു ഐ. ടി. ഐ.

**ചോദ്യം** — **ഉത്തരം**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ വാഴക്കാട് കേന്ദ്രമായി ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്നതിൽ വന്ന നിർദ്ദേശ ത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിൽ വാഴക്കാട് കേന്ദ്രമായി ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ടിയാൻ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാഴക്കാട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന സ്ഥലം ഐ.ടി.ഐ. കെട്ടിടം സ്ഥാപിക്കുന്നതിന് അനുയോജ്യമാണോ യെന്ന് അറിയുന്നതിന് പി.ഡബ്ല്യു.ഡി.യുമായി ബന്ധപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനുവേണ്ടി വാഴക്കാട് ഗ്രാമ പഞ്ചായത്ത് ആവശ്യമായ സ്ഥലം നൽകിയിട്ടുണ്ടോ;

(ബി) സ്ഥലം വകുപ്പിന് വിട്ടുനൽകിയിട്ടില്ല. വാഴക്കാട് വില്ലേജിലെ റീ-സർവ്വെ നമ്പർ 230/1, 2 – ൽ പെട്ട 0.8010 ഹെക്ടർ സ്ഥലം പഞ്ചായത്തിന്റെ കൈവശ ത്തിലുണ്ടെന്നും ആയത് ഐ.ടി.ഐ. സ്ഥാപിക്ക ന്നതിനായി വിട്ടുനൽകാൻ തയ്യാറാണെന്നും വാഴക്കാട് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(സി) നടപടിക്രമങ്ങൾ വേഗത്തിലാക്കി അടുത്ത അദ്ധ്യയന വർഷം ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരി ക്കുമോ?

(സി) ഭൗതിക സൗകര്യം (ഭൂമി, കെട്ടിടം) ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ